(ബി) എങ്കിൽ പ്രസ്തുത നിയമനങ്ങൾ ഏതെല്ലാം തസ്തികകളിലേയ്ക്കായിരുന്നുവെന്നും എത്രകാലത്തേയ്ക്കായിരുന്നുവെന്നും വെളിപ്പെടുത്താമോ ;

(സി) താൽക്കാലിക നിയമനം കിട്ടിയവരിൽ ആരെങ്കിലും ഇപ്പോൾ ജോലിയിൽ തുടരുന്നുണ്ടോ ; എങ്കിൽ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) താൽക്കാലിക നിയമനത്തിൽ തുടരുന്നവർക്ക് പകരം സ്ഥിരം നിയമനത്തിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്ലറിക്കൽ അസിസ്റ്റന്റ്, ലൈബ്രറി അസിസ്റ്റന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ക്ലാസ് IV, അസിസ്റ്റന്റ് ഗ്രേഡ് II അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), യൂണിവേഴ്സിറ്റി. സ്കൂൾ അദ്ധ്യാപകർ എന്നീ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ 59 ദിവസത്തേയ്ക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസത്തേയ്ക്കും (സ്കൂൾ അദ്ധ്യാപകരെ അതാത് അക്കാദമിക് വർഷത്തേയ്ക്ക്) താൽക്കാലികമായി നിയമിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ഡി) അസിസ്റ്റന്റ് ഗ്രേഡ് II, ടൈപ്പിസ്റ്റ് ഗ്രേഡ് II, ലൈബ്രറി അസിസ്റ്റന്റ് എന്നീ തസ്തികകളിലേയ്ക്കുള്ള സ്ഥിര നിയമനത്തിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചു വരുന്നു.

അഗ്രികൾച്ചറൽ ഓഫീസർമാരുടെ പ്രൊമോഷൻ

129 [2028] ശ്രീ. പി. കെ. അബ്ദുറബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗ്രികൾച്ചറൽ ഓഫീസർമാരായി പ്രൊമോഷൻ നൽകുന്നതിന് ഡിഗ്രി/ഡിപ്ലോമ സർട്ടിഫിക്കറ്റ് ഹോൾഡർമാർ തമ്മിൽ പ്രൊമോഷനിൽ സ്റ്റാറ്റസ്കോ നിലനിർത്തികൊണ്ട്, റേഷ്യോ നിശ്ചയിക്കുക എന്ന ആവശ്യം ഉന്നയിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ നടപടി എടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. അഗ്രികൾച്ചറൽ ഓഫീസർമാരായി പ്രൊമോഷൻ ലഭിക്കുന്നതിന് ഡിഗ്രി/ഡിപ്ലോമാ ഹോൾഡേഴ്സിന് പ്രത്യേക റേഷ്യോ നിശ്ചയിക്കണമെന്ന ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്ന വിവരം നിവേദകരെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly